വാല്യം 1, ലക്കം 1, ജനുവരി 2025

# ബാംബൂ ഇൻഫോ

**ബി ടി എസ് ജി - കെ എഫ് ആർ ഐ യിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പ്**



## *ഒക്ലാൻഡ്രാ സ്ക്രിപ്റ്റോറിയ*

പശ്ചിമഘട്ടത്തിലെയും ശ്രീലങ്കയിലെയും ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ മാത്രം കാണപ്പെടുന്ന കുറ്റിച്ചെടികളായ ഈറ്റ ഇനത്തിൽ പെടുന്ന മുളകളാണ് *ഒക്ലാൻഡ്രാ* ജനുസ്സ്. കരകൗശലവസ്തുക്കൾ, കുട്ടകൾ, പായകൾ, പുല്ലാങ്കുഴൽ എന്നിവ നിർമ്മിക്കുന്നതിനും പേപ്പർ, പൾപ്പ് വ്യവസായത്തിലും ഇവ വ്യാപകമായി ഉപയോഗിക്കുന്നു. മണ്ണിന്റെ ഗുണങ്ങൾ മെച്ചപ്പെടുത്താനും, പുഴയോരങ്ങൾ/പുഴയോര ഭിത്തികൾ ബലപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയാനും പ്രാപ്തമായ ഒരു സ്ഥിരതയാർന്ന ഈറ്റ ഇനമായി ഇവയെ കാര്യക്ഷമമായി ഉപയോഗിക്കാം. കേരളത്തിൽ തൃശ്ശൂരിലെ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപം ചാലക്കുടിപ്പുഴയുടെ തീരത്ത് വളരുന്ന *ഒക്ലാൻഡ്രാ സ്ക്രിപ്റ്റോറിയ* ആണ് മുകളിലെ ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.




***21-ാമത് കേരള ബാംബൂ ഫെസ്റ്റ്:*** മുളയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന ബാംബൂ മിഷൻ (കെ എസ് ബി എം) സംഘടിപ്പിച്ച 21 - ാമത് കേരള ബാംബൂ ഫെസ്റ്റിന് 2024 ഡിസംബർ 7 മുതൽ 12 വരെ കൊച്ചി മറൈൻ ഡ്രൈവ് വേദിയായി.

# മുള - ഒരു സാമൂഹിക മൂലധനം

വൈവിദ്ധ്യമാർന്ന ഉപയോഗങ്ങളിലൂടെ മുള മനുഷ്യന്റെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ ശക്തമായ സ്വാധീനം ചെലുത്തുന്ന ഒരു സസ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. കർഷകർക്കും, കര-കൗശല വിദഗ്ധർക്കും ഒരു ജീവനോപാധി എന്നതിലു പരി നൂതന വ്യവസായങ്ങളിലും, നിർമാണ മേഖലകളിലും മുള അതിന്റെ പ്രഭാവം തെളിയിച്ചുവരുന്നു. പ്രകൃതി സൗഹാർദ്ദപരമായ കെട്ടിടങ്ങൾ, ഭക്ഷ്യോല്പന്നങ്ങൾ, വീട്ടുപകരണങ്ങൾ, ചന്ദനത്തിരി വ്യവസായം, തുണിത്തരങ്ങൾ, ചാർക്കോൾ, എത്തനോൾ ഉത്പാദനം, ബയോച്ചാർ, ഫ്ളോറിങ് പാനലുകൾ തുടങ്ങിയ നിരവധി മേഖലകളിലെ വർധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് ഓരോ വ്യവസായത്തിനും അനുയോജ്യമായ ഇനങ്ങളുടെ തോട്ടങ്ങൾ നിർമ്മിക്കേണ്ടത് അത്യാവശ്യ മാണ്. ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പ്രധാന ലക്ഷ്യങ്ങളായ ദാരിദ്ര നിർമാർജ്ജനം, സുസ്ഥിരവും ആധുനികവുമായ ഊർജോൽപ്പാദനം, കൃഷി പ്രോത്സാഹിപ്പിച്ചു ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ, മാന്യമായ തൊഴിലും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കൽ, സുസ്ഥിരമായ നഗരങ്ങൾ നിർമിക്കുക, കാലാവസ്ഥാ വ്യതിയാനത്തെയും അതിന്റെ പ്രത്യാഘാതങ്ങളെയും ചെറുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുക, ഭൗമ ആവാസവ്യവസ്ഥകളുടെ സുസ്ഥിരമായ ഉപയോഗം ഉറപ്പാക്കുക, മരുഭൂവൽക്കരണത്തെ ചെറുത്ത് വനങ്ങളെ സുസ്ഥിരമായി സംരക്ഷിക്കുക, എന്നിങ്ങനെ മിക്കവാറും എല്ലാ ഉദ്ദേശ ലക്ഷ്യങ്ങളും മുളകൾക്ക് നിർവഹിക്കാനാകും.

**വി ബി. ശ്രീകുമാർ**
കോർഡിനേറ്റർ
ബിടിഎസ്ജി - കെഎഫ്ആർഐ

**വി. അനിത**
അസ്സോസിയേറ്റ് കോർഡിനേറ്റർ
ബിടിഎസ്ജി - കെഎഫ്ആർഐ




5000 മുതൽ 10000 ത്തിനു മുകളിൽ ആളുകൾ ദിനംപ്രതി മേളയിൽ സന്ദർശകരായി എത്തിയിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്ന് 300 ഉം, ഇതര സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, നാഗാലാൻഡ്, ആസാം, ത്രിപുര, ഛത്തീസ്ഗഡ്, തെലങ്കാന, തമിഴ്നാട്, മണിപ്പൂർ, മഹാരാഷ്ട്ര, മേഘാലയ എന്നിവിടങ്ങളിൽ നിന്നും 50 ഓളം മുള കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളുമാണ് ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തത്. ഭൂട്ടാനിൽ നിന്നുള്ളവരുടെ പങ്കാളിത്തം അന്താരാഷ്ട്ര തലത്തിലേയ്ക്ക് മേളയുടെ ശ്രദ്ധപതിപ്പിക്കുന്നതിന് കാരണമായി.

മുളയുത്പന്നങ്ങൾ, മുളഭക്ഷ്യവസ്തുക്കൾ, മുളത്തൈകൾ മുതൽ മുളയധിഷ്ഠിത കലാ സാംസ്കാരിക പരിപാടികൾ വരെ ഒരു കുട കീഴിൽ ഒരുക്കി സന്ദർശകരുടെ മനം കവർന്നാണ് ബാംബൂ ഫെസ്റ്റിന് സമാപനം കുറിച്ചത്. മുളയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഈ ഫെസ്റ്റ് പരിസ്ഥിതിക്കും, സുസ്ഥിരത വികസനത്തിനും അതിലൂടെ മുളയുമായി ബന്ധപ്പെട്ടുകിടക്കുന്ന മേഖലകളുടെയും ജനങ്ങളുടെയും ശാക്തീകരണത്തിനും സാമ്പത്തിക വികസനത്തിനും സാംസ്കാരിക സംരക്ഷണത്തിനും വളരെയേറെ സഹായകരമാകുന്നുണ്ട്. മുളയുടെ പാരിസ്ഥിതികവും സാമ്പത്തികവുമായ നേട്ടങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനുള്ള ഒരു മികച്ച വേദിയായി ബാംബൂ ഫെസ്റ്റ് മാറിക്കഴിഞ്ഞിരിക്കുന്നു.





